## ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യഃ
## ഡിസ്റ്റൻസ് മുത്വവ്വൽ കോഴ്സ്

# പ്രോസ്പക്ട്സ്

**ജാമിഅതുൽ ഹിന്ദ്:**

ഇന്ത്യയിലെ ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ രംഗം വ്യവസ്ഥാപിതമാക്കുകയും അതിന്റെ നിലവാരം ഉയർത്തുകയും ലക്ഷ്യം വെച്ച് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിൽ 2009 ൽ ആരംഭിച്ച സംവിധാനമാണ് ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യഃ. ഇസ്‌ലാമിക വിജ്ഞാനങ്ങൾക്കും പഠനങ്ങൾക്കും വളക്കൂറുള്ള ധാരാളം ഉന്നത ഇസ്‌ലാമിക പാഠശാലകൾ കൊണ്ട് സമ്പന്നമാണ് മുസ്‌ലിം ഇന്ത്യ. ഈ സ്ഥാപനങ്ങളെല്ലാം ഒരേ കേന്ദ്രത്തിന്റെ കീഴിൽ കൊണ്ടുവരികയും ഏകീകൃത സിലബസും പരീക്ഷയും നടത്തുകയും ചെയ്താൽ ഗുമേന്മ വർദ്ധിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസ രംഗത്തെ വലിയൊരു വിപ്ലവത്തിന് മുതൽക്കൂട്ടാകും. നിലവിൽ നൂറുക്കണക്കിന് ദഅ്‌വാ കോളേജുകൾ, ശരീഅത്ത് കോളേജുകൾ, പള്ളി ദർസുകൾ എന്നിവ ജാമിഅക്കു കീഴിൽ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ ഏകീകൃത പരീക്ഷയും അധ്യാപക പരിശീലനവും വിദ്യാർത്ഥികളുടെ അക്കാദമിക പുരോഗതിക്കാവശ്യമായ കാര്യങ്ങളും ജാമിഅ ചെയ്യുന്നു. വനിതാ ഇസ്‌ലാമിക കലാലയങ്ങൾക്കും ഒരേ സിലബസ്സും പരീക്ഷയും എന്ന സംവിധാനവും ജാമിഅതുൽ ഹിന്ദിന് കീഴിൽ വന്നുകൊണ്ടിരിക്കുന്നു.

## ഡിസ്റ്റൻസ് മുത്വവ്വൽ കോഴ്സ്

ഉന്നത മത വിദ്യാഭ്യാസ രംഗത്ത് ജാമിഅതുൽ ഹിന്ദിന്റെ പുതിയ സംരംഭമാണ് ഡിസ്റ്റൻസ് മുത്വവ്വൽ കോഴ്സ്. നേരിട്ടുള്ള പഠന സംവിധാനങ്ങൾക്ക് പുറമെ വിദ്യാഭ്യാസ രംഗത്തെ നവീന സാധ്യതകൾ തിരിച്ചറിഞ്ഞ് വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ ആരംഭിക്കുന്ന കോഴ്സാണിത്.

**ലക്ഷ്യം:**

1. ഒരു വലിയ യുവ പണ്ഡിത നിരയെ സാധ്യമായ നിലക്ക് അറിവും പ്രാസ്ഥാനിക അവബോധവും നൽകി സുന്നി പ്രസ്ഥാനത്തോട് ചേർത്തു നിർത്തുക.
2. വിവിധ സാഹചര്യങ്ങളിൽ മുത്വവ്വൽ പൂർത്തിയാക്കാൻ സാധിക്കാത്തവർക്കും തുടർ പഠനം ആഗ്രഹിക്കുന്നവർക്കും കോഴ്സ് ചെയ്യാൻ അവസരമൊരുക്കുക.
3. ജാമിഅതുൽ ഹിന്ദിന്റെ സേവന വഴികൾ വിപുലപ്പെടുത്തുക.

**കോഴ്സ് ഘടന:**

☞ രണ്ടു വർഷ മുത്വവ്വൽ കോഴ്സ് 4 സെമസ്റ്ററുകളായാണ് നടക്കുന്നത്. ഓരോ സെമസ്റ്ററും 5 മാസത്തേക്കാണ് ക്രമീകരിച്ചിരിക്കുന്നത്.

**സിലബസ്സ്:**

☞ തഫ്സീർ, ഉലൂമുൽ ഖുർആൻ, ഹദീസ്, ഇൽമുൽ കലാം, ഫിഖ്ഹ്, ഉസ്വൂലുൽ ഫിഖ്ഹ്, ഇൽമുൽ അഖ്‌ലാഖ്, മൻത്വിഖ്, ബലാഗ എന്നീ വിഷയങ്ങൾ അടങ്ങിയ ദ്വിവർഷ പ്രത്യേക മുത്വവ്വൽ സിലബസ്സാണ് ക്രമീകരിച്ചിരിക്കുന്നത്.

☞ ദഅ്‌വ, പ്രാസ്ഥാനിക ചരിത്രം, സംഘാടനം, മഹല്ല് ഭരണം അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ സിലബസ്സിന്റെ ഭാഗമായിരിക്കും.

**പഠിതാക്കളുടെ സംഗമം:**

- ☞ രണ്ടു മാസത്തിൽ ഒരിക്കൽ നിശ്ചിത കേന്ദ്രങ്ങളിൽ പഠിതാക്കളുടെ സംഗമം നടക്കും. പ്രത്യേക വിഷയങ്ങളിലുള്ള ക്ലാസുകൾ സംശയ നിവാരണത്തിനുള്ള അവസരം എന്നിവ ഇതിന്റെ ഭാഗമായിരിക്കും. സംഗമത്തിലെ ഹാജർ മാർക്കിന് പരിഗണിക്കുന്നതാണ്. സംഗമത്തിൽ എത്താനാവശ്യമായ യാത്രാ ചെലവ് പഠിതാക്കൾ വഹിക്കേണ്ടതാണ്.

**മൂല്യനിർണ്ണയം:**

- ☞ ഓരോ സെമസ്റ്ററിനു ശേഷവും എഴുത്ത് പരീക്ഷ ഉണ്ടായിരിക്കും.
- ☞ മുഴുവൻ സെമസ്റ്റർ പരീക്ഷകളിലും പാസാകുന്നവർക്ക് മാത്രമാണ് ജാമിഅയുടെ സനദും സർട്ടിഫിക്കറ്റും ലഭിക്കുകയുള്ളു.
- ☞ മുഴുവൻ സെമസ്റ്ററുകളിലും എല്ലാ വിഷയങ്ങളിലും അസൈൻമെന്റ് മൂല്യ നിർണയത്തിന്റെ ഭാഗമായിരിക്കും.

**ഫീസ്:**

- ☞ ഒരു സെമസ്റ്ററിന് 4,000 രൂപയായിരിക്കും ഫീസ്.

**പ്രവേശനം:**

- ☞ ജാമിഅകളിൽ നിന്നോ കുല്ലിയ്യകളിൽ നിന്നോ മുഖ്തസർ ബിരുദമോ തതുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. ഇന്റർവ്യൂവിന് ശേഷം യോഗ്യരായവർക്ക് പ്രവേശനം നൽകും.
- ☞ ഇന്റെർവ്യു സമയത്ത് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/ഉസ്താദിന്റെ സാക്ഷ്യപത്രം, മെമ്പർഷിപ്പ് കോപ്പി എന്നിവ നിർബന്ധമായും ഹാജരാക്കണം

**നിബന്ധനകൾ:**

- ☞ അപേക്ഷകർ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയാദർശങ്ങൾ അംഗീകരിക്കുകയും കേരള മുസ്‌ലിം ജമഅത്ത്/എസ്.വൈ.എസ്/എസ്.എസ്.എഫ്. മെമ്പർഷിപ്പ് ഉള്ളവരുമായിരിക്കണം.
- ☞ ആദർശം, അച്ചടക്കം, വേഷം എന്നിവയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഏതെങ്കിലും തരത്തിൽ വീഴ്ചയുണ്ടായാൽ ഉചിതമായ നടപടി സ്വീകരിക്കാനുള്ള അധികാരം ജാമിഅക്കുണ്ടായിരിക്കുന്നതാണ്.

## ജാമിഅതുൽ ഹിന്ദിന്റെ മറ്റു കോഴ്സുകൾ

**ഹയർ സെക്കണ്ടറി ഇൻ ഇസ്‌ലാമിക് സയൻസ്:**

നാല് സെമസ്റ്ററുകളിലായി രണ്ട് വർഷം നീണ്ടു നിൽക്കുന്ന കോഴ്സാണിത്. ഖുർആനിലെ നിശ്ചിത സൂറത്തുകൾ മനഃപാഠമാക്കുന്നതോടൊപ്പം ആവശ്യമായ ഇസ്‌ലാമിക വിജ്ഞാന ശാഖകളിൽ അടിസ്ഥാന വിവരം ഇതിലൂടെ നേടുന്നു. വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നായി പതിനായിരത്തിലധികം വിദ്യാർത്ഥികൾ ഈ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നൂറ്റി അമ്പത് സെന്ററുകളിലായി ആയിരത്തി അഞ്ഞൂറ് വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

**ബാച്ചിലർ ഓഫ് ഇസ്‌ലാമിക് സയൻസ് (ബിരുദ പഠനം):**

പത്ത് സെമസ്റ്ററുകളിലായി അഞ്ച് വർഷം നീണ്ടു നിൽക്കുന്ന കോഴ്സാണിത്. തഫ്സീർ, ഹദീസ്, ഫിഖ്ഹ്, ബലാഗഃ, മൻത്വിഖ്, താരീഖ് പോലെയുള്ള ഇസ്‌ലാമിക വിജ്ഞാന ശാഖകളിലും അനുബന്ധ വിഷയങ്ങളിലും നൈപുണ്യം നേടുന്നതോടൊപ്പം ഖുർആനിലെ നിശ്ചിത സൂറത്തുകൾ മനഃപാഠമാക്കുന്നു. അറബി, ഉർദു, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം ഏതെങ്കിലും യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ ബിരുദ സർട്ടിഫിക്കറ്റും കൂടി ലഭിക്കുന്ന രീതിയിലാണ് കോഴ്സ് സംവിധാനിച്ചിട്ടുള്ളത്. വിത്യസ്ഥ സ്ഥാപനങ്ങളിൽ നിന്നായി അഞ്ഞൂറിലധികം ബിരുദധാരികൾ ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്. നിലവിൽ വിവിധ സ്ഥാപനങ്ങളിലായി ഇരുനൂറിലധികം വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

**മാസ്റ്റർ ഓഫ് ഇസ്‌ലാമിക് സയൻസ്**
**(ബിരുദാനന്തര പഠനം):**

തഫ്സീർ, ഹദീസ്, ഫിഖ്ഹ് പഠനത്തിനും വിശകലനത്തിനും വിധേയമാക്കുകയും വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്ത വിഷയങ്ങൾ തെരഞ്ഞെടുക്കാൻ സാധിക്കുന്ന രീതിയിലാണ് കോഴ്സ് സംവിധാനിച്ചിട്ടുള്ളത്.

**റിസർച്ച് കോഴ്സ്:**

നിലവിൽ ഖുർആൻ, ഹദീസ്, കർമ ശാസ്ത്രം എന്നീ മൂന്ന് വിഭാഗങ്ങളിൽ മൂന്ന് വർഷം നീണ്ട് നിൽക്കുന്ന റിസർച്ച് കോഴ്സിൽ നാൽപതോളം പണ്ഡിതന്മാർ മൂന്ന് കേന്ദ്രങ്ങളിലായി പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

മതരംഗത്ത് മൗലവി ഫാളിൽ ബിരുദം നേടിയവരും ഭൗതിക രംഗത്ത് ഏതെങ്കിലും ഒരു യുണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയ പണ്ഡിതന്മാർക്കാണ് അഡ്മിഷൻ നൽകുന്നത്. ഓരോ വിദ്യാർത്ഥിക്കും മാസാന്ത സ്റ്റൈപെന്റ്, ഭക്ഷണം, താമസം എന്നിവ നൽകി വരുന്നു.